(ബി) ഇത്തരം സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ഏതു ബോട്ടുകളാണ് നിലവിൽ പ്രവർത്തനക്ഷമമല്ലാതെയുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതുമൂലമുള്ള വരുമാനനഷ്ടം കണക്കാക്കാറുണ്ടോ ; ഇല്ലായെങ്കിൽ വരുമാന നഷ്ടമുണ്ടാകാതിരിക്കുന്നതിന് ബോട്ടുകൾ യഥാസമയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ ചെറിയ ബോട്ടുകളേക്കാൾ വലിയ ബോട്ടുകൾ ഉപയോഗിക്കുന്നത് കൂടുതൽ ലാഭകരവും സുരക്ഷിതവുമായിരിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ വലിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) പെരിയാർ ടൈഗർ റിസർവ്വിലെ തേക്കടി ജലാശയത്തിലും നെയ്യാർ വന്യജീവി സങ്കേതത്തിലെ നെയ്യാർ ജലാശയത്തിലുമാണ് കേരളാ വനം വകുപ്പിനു കീഴിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് നടത്തിവരുന്നത്.

(ബി) നെയ്യാർ ജലാശയത്തിൽ ഉപയോഗിക്കുന്ന രണ്ട് ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്.

(സി) ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്തതു നിമിത്തമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. നെയ്യാറിൽ പ്രവർത്തനക്ഷമമായ മറ്റു രണ്ടു ബോട്ടുകളുപയോഗിച്ച് വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തേക്കടി ജലാശയത്തിൽ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ടുകളും വലിയ ബോട്ടുകളാണ്. നെയ്യാറിലെ ബോട്ടുകൾ താരതമ്യേന ചെറുതാണെങ്കിലും ജലാശയത്തിലെ സാഹചര്യങ്ങൾക്കിണങ്ങുന്നതും സുരക്ഷിതവുമാണ്.

(ഇ) ഉത്തരം (ഡി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ഇ.എഫ്.എൽ. കേസുകൾ**

269 (3903) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എഫ്.എൽ. കേസുകൾ വനം വകുപ്പിനുവേണ്ടി ഇപ്പോൾ വാദിക്കുന്നത് ആരാണ് ;

LIBRARY ARCHIVES.Kerala Legislative Assembly

(ബി) പ്രസ്തുത കേസുകൾ വാദിക്കുന്ന ചുമതലയിൽനിന്നും അഡ്വക്കേറ്റ് ജനറലിനെ ഒഴിവാക്കിയിട്ടുണ്ടോ എന്നും, എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വിശദമാക്കുമോ ;

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വരുന്ന ഇ.എഫ്.എൽ. കേസുകൾ വാദിക്കുന്നത് അഡ്വക്കേറ്റ് ജനറലാണ്. കൂടാതെ വിവിധ ഇ.എഫ്.എൽ. ട്രൈബ്യൂണലുകൾ മറ്റ് കോടതികൾ എന്നിവ മുമ്പാകെ വരുന്ന കേസുകൾ ഗവൺമെന്റ് പ്ലീഡർമാരാണ് സർക്കാരിനുവേണ്ടി ഹാജരാകുന്നത്.

(ബി) ഇ.എഫ്.എൽ. കേസുകൾ വാദിക്കുന്ന ചുമതലയിൽനിന്നും അഡ്വക്കേറ്റ് ജനറലിനെ ഒഴിവാക്കിയിട്ടില്ല. എന്നാൽ ഇ.എഫ്.എൽ. നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന വിവിധ ഹർജികളുമായി ബന്ധപ്പെട്ട കേസിന് സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ. കെ. വി. വിശ്വനാഥന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## വനം വകുപ്പിലെ മസ്ദൂർ വാച്ചർമാരുടെ വേതന വിതരണം

270 (3904) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ താൽക്കാലിക മസ്ദൂർ വാച്ചർമാരായി ജോലി നോക്കുന്നവർക്ക് ഇതുവരെ ഏതു മാസം വരെയുള്ള വേതനമാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) വേതനം വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന് കാരണം എന്താണ് ;

(സി) ഈ വർഷത്തെ ഉത്സവബത്ത വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മസ്ദൂർ വാച്ചർമാരുടെ മസ്റ്റർ റോളുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് തൊട്ടടുത്ത മാസം തന്നെ വേതനം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly